# പതിനാലാം കേരള നിയമസഭ
# (പതിനാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:118** **04.02.2019-ൽ മറുപടിയ്ക്ക്**

**മത്സ്യനയം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് മത്സ്യനയം നിലവിലുണ്ടോ; ഉണ്ടെങ്കിൽ മത്സ്യ ബന്ധന മേഖലയുടെ വികസനത്തിന് എന്തൊക്കെ കർമ്മപരിപാടികളാണ് പ്രസ്തുത നയം മുന്നോട്ട് വയ്ക്കുന്നതെന്ന് അറിയിക്കുമോ; | എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനും സ്വതന്ത്രമായി അവ വില്പന നടത്തുന്ന തിനുമുള്ള മത്സ്യത്തൊഴിലാളികളുടെ അവകാശം ഉറപ്പാക്കുമോ; വ്യക്ത മാക്കുമോ; | ബി) സംസ്ഥാന മത്സ്യനയത്തിൽ മത്സ്യത്തൊഴിലാളി പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്ന തിനും സ്വതന്ത്രമായി വില്പനയിൽ ഏർപ്പെടുന്നതിനുമുള്ള അവരുടെ അവകാശം ഉറപ്പ് വരുത്തുന്നുണ്ട്. ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവയേയും മത്സ്യയിന ങ്ങളേയും അടിസ്ഥാനമാക്കി മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. |
| സി) മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യകർഷകരുടെ വരുമാനം വർദ്ധിപ്പി ക്കുന്നതിനും സഹായകരമാകുന്ന എന്തൊക്കെ നടപടികൾ സ്വീകരിക്കു മെന്ന് വ്യക്തമാക്കുമോ; | സി) ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിച്ചും നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടു ത്തിയും ഗുണമേന്മയുള്ള വിത്തുകൾ മത്സ്യകർഷകർക്ക് ലഭ്യമാക്കിയും മത്സ്യോൽ പ്പാദനം ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് മുഖേന ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കടൽ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിനും |

കൃത്രിമ പാരുകൾ സ്ഥാപിക്കുന്നതിനും സീകേജ് ഫാമിംഗ് തുടങ്ങിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചെറുമീനുകളെ പിടിക്കുന്നതിന് മിനിമം ലീഗൽ സൈസ് കർശനമാക്കുകയും മൺസൂൺ കാലയളവിൽ ട്രോൾ ബാനും നടപ്പിലാക്കി വരുന്നു.

ഡി) മത്സ്യബന്ധന യാനങ്ങളുടെ ലൈസൻസിന്റെയും രജിസ്ട്രേഷന്റെയും കാര്യത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് പ്രസ്തുത നയം വ്യവസ്ഥ ചെയ്യുന്നത് എന്നറിയിക്കാമോ;

ഡി) സംസ്ഥാനത്തിന്റെ തീരക്കടലിൽ യന്ത്രവൽകൃത മത്സ്യ ബന്ധന യാനങ്ങൾക്ക് നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കും. എന്നാൽ കാലഹരണപ്പെടുന്ന യാനങ്ങൾക്ക് പകരമായി പുതിയ യാനങ്ങൾക്കുള്ള അനുമതി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മാത്രം നൽകും. ഒരു വ്യക്തിയ്ക്ക് സ്വന്തമാക്കാൻ ലൈസൻസിന്റെ എണ്ണം നിജപ്പെടുത്തും. അനുവദനീയമായ എണ്ണത്തിൽ കൂടുതലുള്ള യാനങ്ങളെ പുനർ വിന്യസിപ്പിക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കും. യന്ത്രവൽകൃത യാനങ്ങൾക്ക് ക്യാച്ച് ക്വാട്ട സിസ്റ്റം ഏർപ്പെടുത്തുന്ന കാര്യം പരിഗണിയ്ക്കുന്നതാണ്.

(ഇ) മൽസ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നതും വിപണനം നടത്തുന്നതും നിരോധിക്കുന്നതിന് വ്യവസ്ഥ ചെയ്യുമോ; വ്യക്തമാക്കുമോ?

ഇ) ചെറു മത്സ്യങ്ങളെ സംരക്ഷിക്കുന്നതിനും പിടിക്കപ്പെടുന്ന മത്സ്യങ്ങളുടെ വലിപ്പം നിയന്ത്രിക്കുന്നതിനും ഇടപെടുന്നതാണ്. 58 ഇനം മത്സ്യങ്ങൾക്ക് മിനിമം ലീഗൽ സൈസ് ഏർപ്പെടുത്തിയത് കർശനമായി നടപ്പിലാക്കും. നിശ്ചിത വളർച്ച കൈവരിക്കാത്ത മത്സ്യത്തിന്റെ പിടിച്ചെടുക്കൽ, ലേലം, വിപണനം, പരിവഹനം, വിതരണം എന്നിവ നിരോധിക്കുന്നതാണ്.

സെക്ഷൻ ആഫീസർ

## അനുബന്ധം

മത്സ്യ മേഖലയിൽ കടലിലേയും ഉൾനാടൻ ജലാശയങ്ങളിലേയും മത്സ്യ സമ്പത്തിന്റെ സംരക്ഷണവും വികസനവും വിനിയോഗവും വർദ്ധിപ്പിക്കുക, മത്സ്യ കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും ആളോഹരി വരുമാനം ഉയർത്തി കൊണ്ട് വരിക എന്നീ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഫിഷറീസ് നയത്തിലെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു.

1) ശാസ്ത്രീയ മുറകൾ അവലംബിച്ച് കടൽ /ഉൾനാടൻ മത്സ്യോല്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക
2) ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് ജലകൃഷിയിലൂടെയുള്ള മത്സ്യോത്പാദനം വർദ്ധിപ്പിക്കുക.
3) നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി മൂല്യ വർദ്ധനവ് വഴി വിളവിന് പരമാവധി വില ലഭ്യമാക്കുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക.
4) രാജ്യത്തിനകത്തും പുറത്തുമുള്ള ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്താലുള്ള പരിശീലന പരിപാടികളിലൂടെ ഉദ്യോഗസ്ഥ ശാക്തീകരണം ഉറപ്പാക്കുക.
5) രാജ്യത്തിനകത്തും പുറത്തുമുള്ള സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്താലുള്ള പരിശീലന പരിപാടികളിലൂടെ ഉദ്യോഗസ്ഥ ശാക്തീകരണവും മത്സ്യത്തൊഴിലാളികൾക്ക് പരിശീലനവും ഉറപ്പാക്കുക.
6) കടലുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തികൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും മാസ്റ്റർ കൺട്രോൾ സിസ്റ്റം ഏർപ്പെടുത്തുക.
7) ഗുണമേന്മയുള്ള മത്സ്യം വൃത്തിയുള്ള രീതിയിൽ വിപണനം നടത്തി മത്സ്യത്തൊഴിലാളികളുടെയും ഉപഭോക്താക്കളുടെയും താല്പര്യം സംരക്ഷിക്കുക.
8) ഗുണനിലവാരം ഉറപ്പാക്കി നൂതന പാക്കിംഗിലൂടെ മത്സ്യ ഉല്പന്നങ്ങളെ ബ്രാൻഡ് ചെയ്ത് അവയുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുക.
9) മത്സ്യത്തൊഴിലാളി പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനും സ്വതന്ത്രമായി വില്പനയിൽ ഏർപ്പെടുന്നതിനുമുള്ള അവകാശം അവർക്ക് ഉറപ്പ് വരുത്തുക.
10) ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിന് സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തുക.
11) മത്സ്യത്തൊഴിലാളികളുടെ തൊഴിൽ വേളയിലുള്ള അപകട സാദ്ധ്യത പരമാവധി കുറയ്ക്കുന്നതിനായി ജീവൻ സുരക്ഷ ഏർപ്പെടുത്തുക.

12) മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും സഹായം നൽകി അവരുടെ സാമൂഹ്യ - സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുക.

13) പ്രകൃതിക്ഷോഭം മൂലം മത്സ്യ ബന്ധന ഉപകരണങ്ങൾക്കും മത്സ്യ കൃഷിയ്ക്കും ഉണ്ടാകാൻ സാധ്യതയുള്ള നഷ്ടം പരിഹരിച്ച് അവ പുനരുജ്ജീവിപ്പിക്കുന്നതിനും അതുവഴി സാമൂഹിക സുരക്ഷ ഉറപ്പ് വരുത്തുകയും ചെയ്യുക.

14) മത്സ്യ ഭവനുകൾ വഴിയുള്ള മത്സ്യ വിജ്ഞാന വ്യാപന സേവനങ്ങൾ ശക്തിപ്പെടുത്തി മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തി e-governance, M-governance സാധ്യതകൾ പ്രയോജനപ്പെടുത്തുക.

15) മത്സ്യത്തൊഴിലാളികളെ കടബാധ്യതയിൽ നിന്ന് മോചിപ്പിക്കുന്നതിന് സർക്കാർ കൊണ്ടു വന്ന കടാശ്വാസ നടപടികൾ പൂർത്തീകരിക്കുക.

16) തൊഴിൽ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുക, ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

കൂടാതെ വിദേശ യാനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക, അനഭിലഷണീയ പ്രവർത്തനങ്ങളെ നിയന്ത്രിക്കുക, ചെറുമത്സ്യങ്ങളുടെ സംരക്ഷണം, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണം, പാരിസ്ഥിതിക തനിമ നിലനിർത്താനുള്ള ഇടപെടലുകൾ, ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണം, ദുരന്ത നിവാരണത്തിനുള്ള ഇടപെടൽ, മത്സ്യത്തിന്റെ തറ വില നിശ്ചയിക്കൽ, ഉപഭോക്താക്കളുടെ താല്പര്യ സംരക്ഷണം, വിനോദ സഞ്ചാരത്തിനുള്ള സാദ്ധ്യതകൾ, റിസർവോയറുകളിലെ മത്സ്യോല്പാദനം, ജലാശയങ്ങളെ മാലിന്യ മുക്തമാക്കൽ, അനധികൃത മത്സ്യബന്ധന രീതികൾ തടയൽ, വിദൂര സംവേദനം പ്രയോജനപ്പെടുത്തൽ, ഏജൻസികളുടെ പ്രവർത്തനം ശക്തമാക്കൽ, ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യ വിപണനം, മത്സ്യത്തൊഴിലാളി വനിതാ ശാക്തീകരണം, തുറമുഖ നിർമ്മാണം, പരി - പാലനം, നവീകരണം, മത്സ്യത്തൊഴിലാളി അവകാശ സംരക്ഷണം, വിദ്യാഭ്യാസം/ വാസസ്ഥാനം/ആരോഗ്യം എന്നീ മേഖലകളിലെ സമഗ്ര വികസനം എന്നിവയും ഉൾപ്പെടുന്നു.

Sheeba

**സെക്ഷൻ ആഫീസർ**